സംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 2014 ഒക്ടോബർ 2-ാം തീയതി ആരംഭിച്ച ടി പദ്ധതി 2015 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും, ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും വൃക്ഷത്തൈകൾ നട്ടുവരുന്നു. വനം, കൃഷി വകുപ്പുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും വൃക്ഷത്തൈകൾ സൗജന്യമായി ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് പ്രശംസാപത്രങ്ങളും, അവാർഡും നൽകി വരുന്നു. പദ്ധതിയുടെ ഏകോപനവും അവലോകനവും ജില്ലാതലത്തിൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ നടത്തിവരുന്നു.

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ഓരോ സഹകരണ സംഘത്തിനും തങ്ങളുടെ പ്രവർത്തന പരിധിയിൽ വീട് വീടാന്തരം സർവ്വേ നടത്തി ഓരോ വീടിനും സ്ഥാപനങ്ങൾക്കും പച്ചക്കറി കൃഷിക്കുള്ള സാദ്ധ്യത പരിശോധിച്ച് ആയതിനുള്ള സാമ്പത്തിക/ ഭൗതിക സാഹചര്യങ്ങൾക്കായി അവശ്യത്തിനനുസരിച്ച് കൃഷി വായ്പ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജൈവകൃഷിക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനു പുറമേ വിവിധ ഏജൻസികളിലൂടെ ലഭിക്കുന്ന സബ്സിഡികൾ ലഭ്യമാക്കുന്നതിനുള്ള നപടികളും സംഘങ്ങൾ നൽകി വരുന്നു.

നീതി മെഡിക്കൽ സ്റ്റോറുകൾ

139 (506) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) അവശ്യ മരുന്നുകളുടെ ലഭ്യത നീതി സ്റ്റോറുകളിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ 93 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ കൂടുതലായി വസിക്കുന്ന ഗ്രാമപ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിയും, സ്വകാര്യ മേഖലയിൽ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ താരതമ്യേന കുറവുള്ള സ്ഥലങ്ങൾ, രോഗികൾക്ക് മരുന്ന് വാങ്ങുന്നതിന് ദീർഘ ദൂരം സഞ്ചരിക്കേണ്ടി വരുന്ന സ്ഥലങ്ങൾ എന്നിവയ്ക്ക് പ്രത്യേകം പരിഗണന നൽകിയും, നഷ്ടം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത കൂടി പരിഗണിച്ചാണ് കൺസ്യൂമർ ഫെഡറേഷൻ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നത്.

(സി) കേരളത്തിൽ വിറ്റുവരുന്ന പ്രധാനപ്പെട്ട കമ്പനികളുടെ മരുന്നുകൾ കേന്ദ്രീകൃത വാങ്ങൽ വഴിയും, പ്രാദേശികമായി ആവശ്യമുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് വഴിയും വാങ്ങി അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

നന്മ സ്റ്റോറുകൾ

140 (507) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭയുടെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾക്ക് പ്രവർത്തന അനുമതി നൽകി ; അവ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത നന്മ സ്റ്റോറുകളിൽ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ള സ്റ്റോറുകൾ ഏതെല്ലാമാണ്; അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ മന്ത്രിസഭയുടെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന 25 നന്മ സ്റ്റോറുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly